**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.962 — 30.09.2016 ൽ മറുപടിയ്ക്ക്

**പച്ചക്കറികളുടെ വില വർദ്ധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.ആർ പ്രദീപ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) ദീർഘകാലം കേട്ടുകൂടാതെയിരിക്കുന്ന നാടൻ പച്ചക്കറികളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് കർഷകർക്ക് ന്യായവില നൽകി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ഔട്ട് ലെറ്റുകൾ വഴി കുറഞ്ഞ നിരക്കിൽ അഞ്ചു വർഷക്കാലം വിലവർദ്ധിപ്പിക്കാതെ വില്പന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (എ) നാടൻ പച്ചക്കറികളുടെ ഉൽപ്പാദനവും ശേഖരണവും, വിൽപ്പനയും ത്വരിതപ്പെടുത്തുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കൃഷിവകുപ്പ്, കർഷക കൂട്ടായ്മകൾ , സ്വയം സഹായ സംഘങ്ങൾ , തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരം പദ്ധതികളിലൂടെ ഇടനിലക്കാരെ ഒഴിവാക്കി വിഷരഹിത നാടൻ പച്ചക്കറികൾ സംഭരിച്ച് ജനങ്ങൾക്ക് ന്യായവിലയ്ക്ക് വർഷം മുഴുവനും എത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**